## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2467 | | 07.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഹൈടെക് ശൗചാലയങ്ങൾ സ്ഥാപിക്കുവാൻ നടപടി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.സി. ജോർജ്ജ് | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ, കേരളത്തിലെ വിവിധ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും, ഗ്രാമപഞ്ചായത്തുകളിലും പഠനം നടത്തി, ജനങ്ങൾക്ക് അത്യന്താപേക്ഷിതമായുള്ള ഹൈടെക് ശൗചാലയ സൗകര്യം ഒരുക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | അവശ്യ സൗകര്യങ്ങൾ ഉറപ്പാക്കി വൃത്തിയും വെടിപ്പുമുള്ള പൊതുശൗചാലയങ്ങൾ ഒരുക്കുന്നതിനുള്ള ഉത്തരവാദിത്വം നിലവിൽ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്കാണ്. |
| (ബി) | കേരളത്തിൽ അങ്ങോളമിങ്ങോളം യാത്ര ചെയ്യുന്ന ആൾക്കാരുടെ സൗകര്യം കണക്കാക്കി വഴിയോരങ്ങളിൽ (സ്റ്റേറ്റ് ഹൈവേ, നാഷണൽ ഹൈവേ, ഗ്രാമീണ റോഡുകൾ- മുതലായ സ്ഥലങ്ങളിൽ) പൊതു ശൗചാലയങ്ങൾ സ്ഥാപിച്ച് കേരളം മാലിന്യ മുക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | യുക്തവും സൗകര്യപ്രദവുമായ സ്ഥലങ്ങളിൽ വേണ്ടത്ര പൊതുകക്കൂസുകൾ ഏർപ്പെടുത്തുകയും പരിപാലിക്കുകയും ചെയ്യേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. |
| (സി) | കേരളത്തിൽ അങ്ങോളമിങ്ങോളം യാത്ര ചെയ്യുന്നവർ (ആൺ,പെൺ കുട്ടികൾ ഉൾപ്പെടെ) പൊതു ശൗചാലയങ്ങളുടെ അഭാവം മൂലം വഴിയോരങ്ങളിൽ തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം നടത്തുവാൻ നിർബന്ധിതരാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ഡി) | വഴിയോര ശൗചാലയത്തിന്റെ പ്രധാന്യം മനസ്സിലാക്കി ആയത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി ശുചിത്വമിഷൻ മുഖേന പൊതുശൗചാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ